# നെന്മാണിക്യം

(നോവൽ–21)

ജോൺ ഇളമത

ഏലിപ്പെണ്ണങ്ങൾ വീണ്ടുമെത്തി, ശണ്ഠകൂടാൻ.

ആരുമില്ലാത്ത അവസരംപാർത്ത്, അച്ചാരമ്മ ഏലിപ്പെണ്ണങ്ങളുടെ അടുക്കൽ അടുത്തുകൂടി.

അവൾ ചോദിച്ചു:

ഇന്നാളു പറഞ്ഞ നിധി പെണ്ണങ്ങളു കണ്ടിട്ടൊണ്ടോ?



കൊള്ളാം. ഇതെന്തൊരു ചോദ്യം, ആച്ചീ, പലതവണ.

ഏലിപ്പെണ്ണങ്ങൾ തുടർന്നു; വാണത്തിനു തീപിടിച്ച മാതിരി:

തായ്പ്പുരയുടെ വലിയ അറയ്ക്കാത്തെ, ചെറിയ അറയ്ക്കാത്താ അതു സൂക്ഷിക്കുന്നേ. ഒരു കള്ളനും വിചാരിച്ചാ അതെടുക്കാമ്പറ്റത്തില്ല. നെലവറേന്ന് ചെറിയ കോണി കേറി വലിയറ തുറന്ന് അതിനുള്ളിലെ കൊച്ചറയ്ക്കകത്താ സാധനം!

താക്കോലെല്ലാം കുഞ്ഞുവറീതിന്റെ പക്കലാ. അത് എവിടാ സൂക്ഷിക്കുന്നേന്ന് ഞാൻ ഒരു ദെവസി ഒളിഞ്ഞുനിന്നു കണ്ടു. പെണ്ണുങ്ങക്കു കേറാമ്പറ്റാത്ത പൂമുഖത്തെ ചവടിലാ.

അവിടെ വല്യവല്യപ്പൂപ്പൻ അന്തോനി കൊന്ന ഒരു കരടിയെ ഒണക്കി വച്ചിട്ടൊണ്ട്. അതിന്റെ വാ തുറന്ന് വായ്ക്കകത്തോട്ട താക്കോലിടുന്നെ കണ്ടത്. പക്ഷേ ചാവടി അവനിടില്ലാത്തപ്പം പൂട്ടും. താക്കോല് അവന്റെ കെടക്കമുറീല്. ഗീവറുഗീസ് പുണ്യാളന്റെ രൂപകൂട്ടിലാ സൂക്ഷിച്ചിരിക്കുന്നേ.

അല്ലെങ്കി ഞാനിതെന്തൊരു മണ്ടിയാ. നിന്നോടിതെല്ലാം പറയാൻ. എടീ, ഈ രഹസ്യമൊന്നും ആരോടും ഉരിയാടരുത്. ഏലിപ്പെണ്ണങ്ങൾ വായീന്നു പൊറത്തുവിട്ട മണ്ടത്തരങ്ങളെ ഇട്ടുമൂടി.

നിധി കണ്ടാലെങ്ങനാരിക്കും? അച്ചാരമ്മ ജിജ്ഞാസ പ്രകടിപ്പിച്ചു.

ഏലിപ്പെണ്ണങ്ങൾ വീണ്ടും മതിമറന്നു:

എടീ, അതൊരു കുഞ്ഞക്കല്ലാ. ഒരു നെല്ലുപോളേടത്രേം വലിപ്പമേ ഒള്ളൂ. ന്നാലും ഇരുട്ടത്തൊന്നും കാണണം. പാതിരയ്ക്ക് സൂര്യനുദിച്ച പ്രകാശം. അതിരിക്കുന്നേടത്തു പൊന്നും പണോം കുമിഞ്ഞുകേറുമെന്നാ പറച്ചില്.

അച്ചാരമ്മയുടെ മനസ്സിൽ നിധിയെപ്പറ്റിയുള്ള ചിന്ത നീറിപ്പുകഞ്ഞു. എങ്ങനേലും അതു കൈക്കലാക്കാമ്പറ്റിയാ– മനസ്സിയൊള്ള ആഗ്രഹമൊന്നു നടന്നിട്ടു ചത്താമതി. മനസ്സിൽ കെട്ടിയ കോട്ടയുമായി അച്ചാരമ്മ നടന്നു. മരോട്ടിക്കാ തിന്ന കാക്കയെപ്പോലെ.

ഊണിലും ഉറക്കത്തിലും അതായി ചിന്ത. ബുദ്ധി കെട്ടുപിണഞ്ഞു: എന്നാ ഒരു മാർഗ്ഗം?

ഒരിക്കലച്ചാരമ്മയ്ക്ക് ഉത്തേജനമുണ്ടായി. ഉറക്കംവരാതെ കിടന്ന ഒരു രാത്രി. ഇടിയും മിന്നലും ശക്തിയായ മഴ. മഴ തോരുമ്പോൾ ചെവിടടയ്ക്കുംവിധം ചീവീടുകളുടെ ശബ്ദം. മഴ തകർത്തുപെയ്യുകയാണ്. ഇടയ്ക്ക് ശക്തി കുറയുമ്പോൾ മുറ്റത്തെ വലിയ മാവിന്റെ ഇലകളിലും നാടുകെട്ടിന്റെ ഓലമേഞ്ഞ ഇറയത്തും മഴയുടെ ശക്തിയായ താളം. ഇടിയെ അച്ചാരമ്മയ്ക്കു പേടിയാണ്. അപ്പോഴൊക്കെ അവളോർക്കും. എന്തൊരു കുടുക്കം? ഇതോടെ ഭൂലോകമെങ്ങാനും അവസാനിച്ചുപോകുമോന്ന്. ഇടവപ്പാതിയാണ്.

അവളുടെ മനസ്സ് കോട്ടകെട്ടി. നെന്മാണിക്യം എടുക്കാൻ. പക്ഷേ., എങ്ങനെ കിട്ടും.? ഇടനാഴിയിലെ നിലവറയിൽ നിന്ന് ചെറിയ കോണി കയറി പൂട്ടു തുറന്ന്....ഹോ! അതു നടക്കാത്ത കാര്യം!

അപ്പോൾ അവരോട് ആരോ ഓതുന്നു. എന്തോന്ന് നടക്കാത്തത്? കിട്ടിയ മഹാഭാഗ്യം! എന്തുനഷ്ടപ്പെടാൻ? കണ്ടുപിടിച്ചാ തറവാട്ടീന്നു പറഞ്ഞുവിടും. അത്രതന്നെ!

അല്ലേലും ആരാന്റെ പാത്രം കഴുകുന്നതിലും ഭേദം തെണ്ടലാ. തെണ്ടിനടക്കാം.

അച്ചാരമ്മ എണീറ്റിരുന്നു. മഴ വീണ്ടും ശക്തിയായിട്ടുണ്ട്. ശക്തമല്ലാത്ത കൊള്ളിയാനും.

പൂമുഖം രാത്രീൽ പൂട്ടും. താക്കോൽ കുഞ്ഞുവറീതിന്റെ കിടക്കമുറിലാ. രൂപക്കൂട്ടിൽ അതെടുത്താൽ പുണ്യാളച്ചൻ കോപിക്കുമോ? അല്ലെങ്കിലെന്തിനാ പുണ്യാളൻ കോപിക്കുന്നേ? തനിക്കൊരു നല്ലകാലം വരുന്നതിൽ. ഇത്രേം നാളൊക്കെ അവരു സുഖിച്ചതല്ലേ? ഇനിയും അല്പനാള് താനും കൂടൊന്ന് സുഖിച്ചാലെന്താ?

അച്ചാരമ്മ സാവധാനം എണീറ്റു. ഒരു പൂച്ചയെപ്പോലെ നടന്നു.

ആദ്യമായി അടുക്കളവാതിൽ സാക്ഷാ ഊരി ഇട്ടു. തിരികെ പുറത്തുകൂടി വന്നെങ്കിലും അകത്തുകയറാൻ പാകത്തിൽ.

പിന്നീട് ഊട്ടുമുറി കടന്ന് കുഞ്ഞുവറീതിന്റെയും കുഞ്ഞാണ്ടമ്മയുടെയും കിടക്കമുറിയായ വാടാവിനു മുമ്പിൽ എത്തി. ശക്തി കുറഞ്ഞ കൊള്ളിമീൻ ഇടയ്ക്കിടെ മിന്നി. ചാരിയിട്ട കിടക്കമുറി സാവധാനം തുറന്നു. ഇടയ്ക്കിടെ മിന്നിയ പ്രകാശത്തിൽ അവൾ കണ്ടു.

കുഞ്ഞുവറീത് കൊച്ചുകുട്ടിയെപ്പോലെ തലമൂടി കമിഴ്ന്നുകിടന്ന് കൂർക്കംവലിച്ചുറങ്ങുന്നു. കുഞ്ഞാണ്ടമ്മ, തലയ്ക്ക് കൈവച്ച് ചെമ്മീൻപോലെ വളഞ്ഞുകിടന്നുറങ്ങുന്നു. കുഞ്ഞാണ്ടമ്മയെ ആണ് പേടിക്കേണ്ടത്. നല്ല ഉറക്കബോധമുള്ളവളാണ്.

ഗീവറുഗീസ് പുണ്യാളച്ചന്റെ രൂപക്കൂടു കണ്ടു. പിന്നെ അവൾ അമാന്തിച്ചില്ല.

രൂപക്കൂടു തുറന്ന് താക്കോലെടുന്നു. പുണ്യാളച്ചൻ കുതിരപ്പുറത്ത് കുന്തവും പിടിച്ചവളെ രൂക്ഷമായി നോക്കുന്നു. പുണ്യാളച്ചന്റെ കുന്തം നേരെ നീണ്ടുവരുന്നെന്ന് അവൾക്കു തോന്നി. അവൾ ഒരു പാപിനിയെപ്പോലെ കണ്ണുകൾ വെട്ടിച്ച് വേഗം പുറത്തിറങ്ങി. ഉറക്കമുറിയുടെ കതകുചാരി, പഴയപടിയിൽ.

വീണ്ടും മഴ ഇരച്ചുപെയ്തു. അവളാവേശത്തോടെ പൂമുഖം തുറന്ന് അകത്തുകടന്നു.

അതേ താക്കോൽ തന്നെ ഇട്ട് പൂമൂഖത്തിന്റെ പുറത്തേവാതിലും സാക്ഷാ ഊരിയിട്ടു. അത്യാവശ്യം വന്നാൽ പുറത്തേക്ക് കടക്കാവുന്നവിധം.

പൂമുഖത്ത് ക്രൂശിതരൂപത്തിനു മുന്നിൽ, ഒറ്റത്തിരയുള്ള കെടാവിളക്ക് മുനിഞ്ഞുകത്തുന്നു. ഈശോ രക്തം വാർന്ന് മുൾക്കിരീടവും പേറി തല ചുമലിലേക്ക് ചാഞ്ഞുകിടക്കുന്നു. ഈശോയുടെ ദൃഷ്ടികൾ മുകളിൽ പിതാവിന്റെ പക്കലേക്കാണ്.

അപ്പോൾ വേദപാഠം പഠിച്ചതവളോർത്തു. ലോകത്തിന്റെ സർവ്വപാപങ്ങൾക്കും പരിഹാരമായാണ് ഈശോ കുരിശിൽ തറയ്ക്കപ്പെട്ടത്.

പെട്ടെന്ന് പത്തുപ്രമാണങ്ങൾ അവളോർത്തു. അതിലൊന്നാണ്...മോഷ്ടിക്കരുത്!

അപ്പോൾ അവൾ സാത്താന്റെ ഉപദേശം കേട്ടു:

ഇതു മോഷണമല്ല. നിനക്കും ഇതവകാശപ്പെട്ടതാണ്. നീ ഇത് എടുത്താൽ നിനക്കും തറവാട്ടുകാരെപ്പോലെയാകാം.

അബലയായ ഹവ്വയെപ്പോലെ അച്ചാരമ്മ സാത്താനു വഴങ്ങി.

രണ്ടുംകല്പിച്ച് കരടിരൂപത്തിനു മുമ്പിലെത്തി. അതിന്റെ കണ്ണുകൾ അഗ്നിഗോങ്ങൾപോലെ മുമ്പിൽ കണ്ടു. എങ്ങനെ വായ്തുറക്കും? അവൾ വായ് പിടിച്ചുപിളർത്തിനോക്കി. കരടിയുടെ വായിലാണ് താക്കോൽകൂട്ടം. അതെടുക്കാതെ കാര്യം നടപ്പില്ല.

യാദൃശ്ചികമായി അതിന്റെ കണ്ണുകളിൽ അവൾ അമർത്തി. കരടിവായ് തുറന്നു. ശീഘ്രം താക്കോൽകൂട്ടമെടുത്ത് നിലവറിയിലെത്തി. കോണികേറി. വലിയ അറ തുറന്നു. അതിനുള്ളിലെ ചെറിയ അറയും.

പ ത്തളചെല്ലാം കണ്ടു. പിത്തളത്താക്കോലുപയോഗിച്ച് അതു തുറന്നു. അതിനുള്ളിലെ വെള്ളിച്ചെപ്പു തുറന്നു അതിൽ കന്നിൻകൊമ്പിൽ തീർത്ത ചിമിഴ്. അതിനുള്ളലാണ് നെന്മാണിക്യം.

അവളതെടുത്ത് ഉടുതുണിയുടെ തുമ്പിൽകെട്ടി.

പെട്ടെന്നവളൊരു ഒച്ചകേട്ടു. കുഞ്ഞുവറീതിന്റെ കിടക്കമുറിയിൽ നിന്നാണ്.

അവൾ ശ്രദ്ധിച്ചുകേട്ടു:

ഒന്നെണീച്ചേ. നെലവറേലെന്തോ ഒച്ചകേട്ടു. ഒന്നെണീച്ചേ പോയൊന്ന് നേക്കിക്കേ!

കുഞ്ഞാണ്ടമ്മയുടെ ശബ്ദം. അച്ചാരമ്മയ്ക്ക് വേവലാതിയായി. അവളുടെ ചങ്കി ടിച്ചു. അവൾ ശീഘ്രം  ഇറങ്ങി പൂമുഖത്തെത്തി.

അവൾ പൂമുഖം തുറന്ന് മുറ്റത്തേക്ക് ചാടി. തോരാത്ത മഴ. തുള്ളിക്കൊരുകുടം വീതം. അവൾ നനഞ്ഞുകളിച്ചു. അവൾ പുഴക്കരയിലെക്കോടി. താക്കോൽകൂട്ടം പുഴയിലേക്ക് വലിച്ചെറിഞ്ഞു.

ആരെങ്കിലും പുറമേ ഓടിയെത്തുമെന്നവൾക്ക് തോന്നി. ഓടി അവൾ അടുക്കളവാതിലിലൂടെ അകത്തുകടന്നു സാക്ഷാ ഇട്ടു; വീണ്ടും ശ്രദ്ധിച്ചു: കുഞ്ഞുവറീതിന്റെ കിടക്കമുറിയിൽ ഒച്ചയില്ല.

അവൾ അവളുടെ വാടാവിൽ കയറി കതകിന്റെ സാക്ഷാ ഇട്ടു.

എല്ലാം ഭദ്രം. അവൾക്കു ശ്വാസം നേരെ വീണു.

അവളുടെ കിതപ്പ് കുറഞ്ഞുവന്നു. അവളോർത്തു: എവിടെനിന്നു കിട്ടി ഇത്ര ധൈര്യം?

## (തുടരും.....)

**********************************